"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പയ്യന്നൂർ നഗരസഭയിലെ ഓഫീസ് അറ്റൻഡന്റ് ശ്രീമതി ശാലിജ.ബി.പിയ്ക്ക് പ്രത്യേക അവശതാ അവധി അനുവദിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.248/2025/LSGD തീയതി,തിരുവനന്തപുരം, 24-01-2025

---

പരാമർശം:-

1. ശ്രീമതി ശാലിജ.ബി.പി സമർപ്പിച്ച 07.02.2024 തീയതിയിലെ അവധി അപേക്ഷ.
2. പയ്യന്നൂർ നഗരസഭ സെക്രട്ടറിയുടെ 15.02.2024 ലെ ജി1/11225/2018 നം. സാക്ഷ്യപത്രം.
3. പ്രിൻസിപ്പൽ ഡയറക്ടറുടെ 17.10.2024 ലെ LSGD/PD/13897/2024-DEF3 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കണ്ണൂർ ജില്ലയിലെ പയ്യന്നൂർ നഗരസഭ കാര്യാലയത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീമതി ശാലിജ.ബി.പിക്ക് ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടെ വാഹനാപകടം സംഭവിക്കുകയും, ടിയാളുടെ കാലിനേറ്റ പരിക്കിനെ തുടർന്ന് 29/12/2023 തീയതി മുതൽ 02/02/2024 തീയതിവരെ 36 ദിവസം അവധിയിലായിരുന്നുവെന്നും, ടി കാലയളവിൽ പ്രത്യേക അവശതാവധി അനുവദിക്കുന്നതിനായി സൂചന (1) പ്രകാരമുള്ള അവധി അപേക്ഷയും സഹപത്രങ്ങളും പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്ത് സൂചന (3) പ്രകാരം സർക്കാരിൽ ലഭ്യമാക്കിയിരുന്നു.

2. പയ്യന്നൂർ നഗരസഭയിലെ ഓഫീസ് അറ്റൻഡന്റായ ശ്രീമതി.ശാലിജ.ബി.പി 29/12/2023 ന് രാവിലെ 11.30 ഓട്ടുകൂടി ട്രഷറി, ബാങ്ക് ഡ്യൂട്ടി സംബന്ധമായി ഡ്യൂട്ടി നിർവ്വഹണം നടത്തുന്ന വേളയിൽ റോഡ് മുറിച്ച് കടക്കുന്നതിനിടെ വേഗതയിൽ വന്ന ബൈക്ക് ഇടിക്കുകയും റോഡിൽ വീണ് കാലിന് സാരമായി പരിക്കേൽക്കുകയും പരിശോധനയിൽ എല്ലിന് ക്ഷതം സംഭവിച്ചിട്ടുള്ളതായും 29/12/2023 മുതൽ 02/02/2024 വരെ ടിയാരി ഡോക്ടർമാരുടെ നിർദ്ദേശാനുസരണം ചികിത്സയ്ക്കും വിശ്രമത്തിനായും അവധിയിലായിരുന്നുവെന്നും പയ്യന്നൂർ നഗരസഭ സെക്രട്ടറി സൂചന (2) പ്രകാരം സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. മെഡിക്കൽസർട്ടിഫിക്കറ്റ് ഹാജരാക്കുകയും ചെയ്തിട്ടുണ്ട്.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കണ്ണൂർ ജില്ലയിലെ പയ്യന്നൂർ നഗരസഭ കാര്യാലയത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീമതി ശാലിജ.ബി.പിക്ക് 29.12.2023 മുതൽ 02.02.2024 വരെ KSR Part I Rule 98 പ്രകാരം പ്രത്യേക അവശത അവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അഞ്ജലിദേവി എ ജി
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, എൽ.എസ്.ജി.ഡി, തിരുവനന്തപുരം

സെക്രട്ടറി, പയ്യന്നൂർ നഗരസഭ

ശ്രീമതി ശാലിജ.ബി.പി, ഓഫീസ് അറ്റൻഡന്റ്, പയ്യന്നൂർ നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 25-01-2025 10:27:53
സെക്ഷൻ ഓഫീസർ